പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 626

28.10.2011 ൽ
മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷന് മാർക്കറ്റ് ഇന്റർവെൻഷൻ ഗ്രാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ;<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് ;<br>ശ്രീ. പി.ബി. അബ്ദുൾ റസാക് ;<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ; | | ശ്രീ. റ്റി.എം. ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | സിവിൽ സപ്ലൈസ് കോർപ്പറേഷന് മാർക്കറ്റ് ഇന്റർവെൻഷൻ ഗ്രാന്റ് നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ; | എ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ അരി, പഞ്ചസാര, പലവ്യഞ്ജനങ്ങൾ തുടങ്ങിയ അവശ്യവസ്തുക്കൾ സർക്കാർ നിശ്ചയിക്കുന്ന വിലയിൽ വിതരണം ചെയ്തു വരുന്നു. ഇങ്ങനെ വില കുറച്ച് വിൽക്കുന്നത് മൂലം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം സർക്കാർ മാർക്കറ്റ് ഇന്റർവെൻഷൻ ഗ്രാന്റ് വഴി നികത്തികൊടുക്കുക എന്നുള്ളതാണ് ഈ കാര്യത്തിലുള്ള മാനദണ്ഡം. |
| ബി) | കോർപ്പറേഷൻ വഴി വിപണനം നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെയും നിത്യോപയോഗസാധനങ്ങളുടെയും വില്പനവില നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ; | ബി) | സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്ന നിത്യോപയോഗസാധനങ്ങൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വാങ്ങൽ വില, കൈകാര്യ ചെലവുകൾ, നഷ്ടം, പൊതു വിപണി വില എന്നിവ കണക്കിലെടുത്ത് നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചശേഷമാണ് സബ്സിഡി വില നിശ്ചയിച്ചു വരുന്നത്. ഇപ്പോഴത്തെ വാങ്ങൽ വിലയേക്കാൾ വളരെക്കുറഞ്ഞ നിരക്കിലാണ് സബ്സിഡി നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്. സബ്സിഡിയുടെ പ്രയോജനം യഥാർത്ഥ ഉപഭോക്താവിന് നൽകാനായി സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ റേഷൻ കാർഡ് ഉടമകൾക്ക് ഒരു നിശ്ചിത അളവിൽ നൽകി വരുന്നു. ഈ നിശ്ചിത അളവിൽ കൂടുതൽ സാധനങ്ങൾ ആവശ്യമുള്ളവർക്ക് ഇവ ഫ്രീസെയിൽ സബ്സിഡി നിരക്കിലും നൽകി വരുന്നുണ്ട്. സപ്ലൈകോയുടെ വാങ്ങൽ വിലയോടൊപ്പം കൈകാര്യ ചെലവുകൾ മാത്രം ചേർത്ത് നിശ്ചയിക്കുന്ന ഈ നിരക്കുകൾ പൊതുവിപണിയേക്കാൾ ശരാശരി 20% വരെ കുറവാണ്. |

| | |
|---|---|
| സി) അവശ്യസാധനങ്ങൾക്ക് പുറമെ വില്പന നടത്തുന്ന ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങൾ എന്തൊക്കെയാണെന്നും, അതിന്റെ സംഭരണ രീതിയെന്താണെന്നും വ്യക്തമാക്കുമോ ; | സി) അവശ്യസാധനങ്ങൾക്ക് പുറമെ 8000ൽ പരം ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നുണ്ട്. കറിപ്പൊടികൾ, മസാലപൊടികൾ, അരിപ്പൊടികൾ, അച്ചാറുകൾ, ഭക്ഷ്യ എണ്ണകൾ, നെയ്യ്, ആട്ട, മൈദ, സുജി, റവ ബിസ്ക്കറ്റ് തുടങ്ങിയ ഭക്ഷ്യ വസ്തുക്കളും, വിവിധ തരം സോപ്പുകൾ, ടൂത്ത്പേസ്റ്റ്, ബ്രഷ്, കോസ്മെറ്റിക്സ്, ഡിറ്റർജെന്റ്സ് തുടങ്ങിയ ഉപഭോക്തൃ താൽപ്പര്യ ഉൽപ്പന്നങ്ങളും ഇവയിൽ ഉൾപ്പെടുന്നു. ഇവ കേന്ദ്രീകൃത സംവിധാനം (CCIS - Centralised Consolidated Indenting System) വഴിയും ഡിപ്പോതലത്തിലും (Depot wise Consolidated Indenting System) സംഭരിച്ച് വിതരണം ചെയ്യുന്നു. |
| ഡി) ഒരു രൂപയ്ക്ക് ഒരു കിലോ അരി നൽകുന്ന പദ്ധതിയുടെ വെളിച്ചത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വില കുറച്ച് അരി നൽകുന്ന പദ്ധതി പുനഃക്രമീകരിച്ച് കോർപ്പറേഷന്റെ ആ ഇനത്തിലെ നഷ്ടം കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ ? | ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ